
ദളം

## ആശംസകളോടെ....

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളിൽ നടക്കുന്ന ഏറ്റവും മികച്ച പ്രവർത്തനമാണ് ലിറ്റിൽ കൈറ്റ്സ്. ആധുനിക സാങ്കേതിക വിദ്യയുടെ രംഗത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രവർത്തനമാണ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് ലഭിച്ചത്.

വയക്കര ഗവ ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികളുടെ സാങ്കേതിക വിദ്യയുടെ രംഗത്തെ മികവിന്റെയും അക്കാദമിക കലാ സാഹിത്യ രംഗത്തെ മികവുകളുടെയും സമ്മേളനമാണ് ഈ ഡിജിറ്റൽ മാഗസീൻ. ഇതിന് പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെയും അധ്യാപകരെയും അഭിനന്ദിക്കുന്നു. ഈ മാഗസിന് ആശംസകൾ നേരുന്നു.

**ഹെഡ്മിസ്ട്രസ്സ്**

# ചരിത്രം

മലയോര മേഖലയിൽ നിലനിൽക്കുന്ന പ്രശസ്തമായ വിദ്യാലയമാണ് വയക്കര ഗവ ഹയർ സെക്കന്ററി സ്കൂൾ. 2019 ൽ 95-ാം വാർഷികം ആഘോഷിച്ച ഈ സ്ഥാപനം വിവിധനിലകളിൽ പ്രശസ്തി കൈവരിച്ചിട്ടുണ്ട്. -2 മുതൽ +2 വരെ അടങ്ങുന്ന ഈ സ്ഥാപനത്തിൽ എഴുപതോളം അധ്യാപകർ ജോലി ചെയ്തു വരുന്നു. ആയിരത്തിന് മുകളിൽ കുട്ടികൾ ഈ സ്കൂളിൽ പഠിച്ച് വരുന്നു.

# കുട്ടികൾക്ക് ബൈബിൾ കഥകൾ

-ജോർജ് ഇമ്മട്ടി

ഞാൻ വായിച്ചതിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരു കഥയാണ് "കുട്ടികൾക്ക് ബൈബിൾ കഥകൾ".ജോർജ് ഇമ്മട്ടിയാണ് ഈ കഥ രചിച്ചത്. അതി ലളിതമായിട്ടാണ് ഈ കഥയുടെ രചനാ ശൈലി. സുന്ദരമാണ് ഇതിലെ അവതരണ രീതി. എല്ലാ കൊച്ചു കഥകളും കൊച്ചു കൊച്ചു വാക്യത്തിൽ താളാത്മകമായ ശൈലിയിൽ രചിച്ചുള്ളത് കൊണ്ട് എനിക്കും കൂടാതെ മറ്റുള്ളവർക്കും ഇഷ്ടപ്പെടും. മനോഹര ചിത്രങ്ങളോട് കൂടിയാണ് ഈ ഗ്രന്ഥം അച്ചടിച്ചത്.ഉത്തമമായ ഒരു ബാലസാഹിത്യ കൃതിയാണിത് . എൺപത് കഥകളാണ് ഈ പുസ്തകത്തിലുള്ളത്. ഈ കഥ അറിവും,ആനന്ദവും നൽകുമെന്നതിൽ സംശയമില്ല.വിശ്വസാഹിത്യത്തിൽ ഏറ്റവും പ്രചാരമുള്ള കൃതിയായ ബൈബിൾ എല്ലാവരും വായിച്ചിരിക്കേണ്ടതാണ്. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ഉപയോഗപ്പെടുന്ന ഒന്നാണ് ഈ കഥ.ഈ കഥകൾ എനിക്ക് വളരെ വളരെ ഇഷ്ടപ്പെട്ടു.

**ദേവിക.കെ.വി**